(എഫ്) 1986 സെപ്തംബർ 30-ാം തീയതിക്കുള്ളിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

പ്രകൃതിക്ഷോഭ കെടുതികൾക്കായി ലഭിച്ച തുക

228 [245] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ വരൾച്ച, വെള്ളപ്പൊക്കം, ദുരിതാശ്വാസപ്രവർത്തനം എന്നിവയ്ക്കായി കേന്ദ്രത്തിൽനിന്നും എത്ര സംഖ്യ സംസ്ഥാനത്തിനുലഭിച്ചു;

(ബി) ഈ സംഖ്യ അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനും കേന്ദ്രം എന്തെല്ലാം വ്യവസ്ഥകളാണ് നിർദ്ദേശിച്ചിരുന്നത്;

(സി) ഈ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ സംഖ്യ ചെലവഴിച്ചത്;

(ഡി) കേന്ദ്രവ്യവസ്ഥകൾക്ക് വിരുദ്ധമായി സംഖ്യ ചെലവഴിച്ചതിന്റെ പേരിൽ സംസ്ഥാനത്തിന് അനുവദിച്ച സംഖ്യ തിരിച്ചടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സംഖ്യ;

(ഇ) ഈ സംഖ്യ മടക്കി അടച്ചുവോ ;

(എഫ്) മടക്കി അടയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആ സംഖ്യ മടക്കി അടക്കുന്നതിന് വേണ്ട സംഖ്യ ഈ വർഷത്തെ ബഡ്ജറിൽ വക കൊള്ളിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ വരൾച്ച, വെള്ളപ്പൊക്കം, ദുരിതാശ്വാസ പ്രവർത്തനം എന്നിവയ്ക്കായി കേന്ദ്രത്തിൽനിന്നും ലഭിച്ച സംഖ്യ താഴെ പറയും പ്രകാരമാണ്:

വർഷം	ലോൺ	ഗ്രാൻറ്
1983-84	22.38 കോടി	17.56 കോടി
1984-85	ഇല്ല	16.39 കോടി
1985-86	1.17 കോടി	107.71 കോടി

(മുൻകൂർ പദ്ധതി സഹിതം)

(ബി) ഓരോ വർഷവും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനു വേണ്ടി സംസ്ഥാന ബഡ്ജറിൽ വകകൊള്ളിച്ചിട്ടുള്ള മാർജിൻമണിക്കുപരിയായി സംസ്ഥാന ഗവൺമെൻറിനുണ്ടാകാവുന്ന ചെലവിനങ്ങൾക്കുവേണ്ടി ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ചെലവാക്കുന്നതിനുവേണ്ടി പ്ലാൻ, നോൺ പ്ലാൻ എന്നീ സ്കീമുകളിലാണ് കേന്ദ്രസഹായം അനുവദിക്കുന്നത്. ഈ സഹായം സംസ്ഥാന ബഡ്ജറിൽ പ്ലാൻ സ്കീമുകൾക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ള തുകക്കു പരിയായിട്ടാണ് ചെലവാക്കേണ്ടത്. കേന്ദ്രഗവൺമെൻറ് നിർദ്ദേശിക്കുന്ന ചെലവിനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന തുകയ്ക്കുമാത്രമേ കേന്ദ്രസഹായം ലഭിക്കുകയുള്ളൂ.

(സി) അതെ.

(ഡി, ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly